# VERAPOLY

## ARCHDIOCESAN GAZETTE

## വരാപ്പുഴ അതിരൂപതാ ഗസറ്റ്

Vol. XXXXIX/FK- 100 | 2016 November 1 | No. 13


### സർക്കുലർ - 24

## പുതിയ മലയാളം റോമൻ മിസ്സാൾ

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

ആഗോള കത്തോലിക്കാ സഭയിൽ റോമൻ റീത്ത് പിൻതുടരുന്ന എല്ലാ ലത്തീൻ രൂപതകളിലും ദിവ്യപൂജ അർപ്പിക്കപ്പെടുന്നത് 1975-ൽ പ്രസിദ്ധം ചെയ്ത MISSALE ROMANUM എന്ന ലത്തീൻ ഭാഷയിലുള്ള മിസ്സാളിന്റെ അതതു ഭാഷയിലുള്ള ദിവ്യപൂജാഗ്രന്ഥം ഉപയോഗിച്ചായിരുന്നു. എന്നാൽ 2009-ൽ വത്തിക്കാനിൽനിന്ന് പുറത്തിറങ്ങിയ ഏറ്റവും പുതിയ ലത്തീൻ മിസ്സാളിനെ അടിസ്ഥാനമാക്കി ആയിരിക്കണം എല്ലാ ഭാഷകളിലും ദിവ്യപൂജ അർപ്പിക്കപ്പെടേണ്ടത് എന്ന വത്തിക്കാനിൽ നിന്നുള്ള ദിവ്യാരാധനയ്ക്കുവേണ്ടിയുള്ള തിരുസംഘത്തിന്റെ നിർദ്ദേശമനുസരിച്ച് മലയാള ഭാഷയിലും പുതിയ ദിവ്യപൂജാഗ്രന്ഥം തയ്യാറാക്കിയിരിക്കുകയാണ്.

തിരുസംഘത്തിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച്, ലത്തീൻ മിസ്സാളിന്റെ സമ്പൂർണ്ണവും വിശ്വസ്തവുമായ മലയാളം പരിഭാഷയാണ് പുതിയ ദിവ്യപൂജാഗ്രന്ഥം.

ആയതിനാൽ, ഇതിലുള്ള പൊതുനിർദ്ദേശങ്ങളുടെയും അദ്ധ്യക്ഷ പ്രാർത്ഥനകളുടെയും ഘടനയ്ക്കും അർത്ഥതലങ്ങൾക്കും സാരവത്തായ മാറ്റം വന്നിട്ടുണ്ട്. എങ്കിലും മൂലഭാഷയായ ലത്തീനിലുള്ള പ്രാർത്ഥനകളുടെ അർത്ഥതലങ്ങളും ആശയങ്ങളും ഒന്നുംതന്നെ നഷ്ടപ്പെടുത്താതെ, മലയാളഭാഷയുടെ തനിമയും ഭംഗിയും പരമാവധി നിലനിറുത്തിക്കൊണ്ടാണ് പുതിയ മലയാള ദിവ്യപൂജാഗ്രന്ഥം തയ്യാറാക്കിയിരിക്കുന്നത്.

ഇതിൽ ഉപയോഗിച്ചിരിക്കുന്ന സങ്കീർത്തനങ്ങളും പ്രഭണിതങ്ങളും ബൈബിൾ ഉദ്ധരണികളും സൂചികകളും കെ.സി.ബി.സി. 2001-ൽ പ്രസിദ്ധീകരിച്ച പി.ഒ.സി. മലയാളം ബൈബിളിൽ നിന്നാണ് എടുത്തിട്ടുള്ളത്.

ലത്തീൻ MISSALE ROMANUM നോട് പൂർണ്ണമായും വിശ്വസ്തത പുലർത്തിക്കൊണ്ടും ബൈബിളിലേയും സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളിലേയും ആശയങ്ങളോട് പൊരുത്തപ്പെടുത്തിക്കൊണ്ടും തയ്യാറാക്കിയിരിക്കുന്ന പുതിയ മലയാളം ദിവ്യപൂജാഗ്രന്ഥം പഴയതിനേക്കാളും രൂപത്തിലും ആശയസമ്പുഷ്ടതയിലും ശ്രേഷ്ഠമാണ്.

ദിവ്യപൂജാക്രമത്തിൽ വന്നിട്ടുള്ള മാറ്റങ്ങളെ പരിചയപ്പെടുത്തുന്നതിന് പരിശീലനും ഒരുക്കവും ആവശ്യമാണ്. അതിരൂപതയിലെ വൈദികർക്കും സന്ന്യസ്തർക്കും ഇടവകകളിലെ മതാദ്ധ്യാപകർ അൾത്താര ശുശൂഷകർ, ഗായകസംഘം, മതബോധന വിദ്യാർത്ഥിനി വിദ്യാർത്ഥികൾ, ശുശ്രൂഷാ പ്രതിനിധികൾ, കുടുംബയൂണിറ്റ് അംഗങ്ങൾ തുടങ്ങിയ എല്ലാ തലത്തിലുള്ള ദൈവജനത്തിനും ആവശ്യമായ പരിശീലനം നല്കപ്പെടേണ്ടതാണ്. പരിശീലനവും ഒരുക്കവും എളുപ്പമല്ലെങ്കിലും ആവുന്നതും വേഗത്തിൽ അവ പൂർത്തിയാക്കുവാൻ ബഹുമാനപ്പെട്ട വൈദികർ ശ്രമിക്കേണ്ടതാണ്.

പുതുക്കിയ ദിവ്യപൂജാക്രമമനുസരിച്ച് ദിവ്യബലിയിൽ പങ്കുചേരുവാൻ ജനങ്ങളെ സഹായിക്കുന്നതിനാവശ്യമായ കൈപ്പുസ്തകങ്ങളും ഇതോടൊപ്പം തയ്യാറാക്കിയിട്ടുണ്ട്. സാധാരണ ദിവ്യപൂജയിൽ ഉപയോഗിക്കുന്ന സ്തോത്രയാഗപ്രാർത്ഥന I, II എന്നിവയോടൊപ്പം കുട്ടികളുടെ ദിവ്യപൂജയിലുപയോഗിക്കേണ്ട മൂന്ന് സ്തോത്രയാഗപ്രാർത്ഥനകൾകൂടി ഈ ചെറിയ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ദിവ്യപൂജയിൽ സജീവമായി പങ്കുചേരുവാൻ ഈ പുസ്തകം സഹായകരമാണ്.



ആരാധനക്രമവത്സരം ആരംഭിക്കുന്നത് ആഗമനകാലത്തോടെയാണെന്നതിനാലും CRLCBC യുടെ ആരാധനക്രമം കമ്മീഷന്റെ നിർദ്ദേശത്തോട് ചേർന്നുകൊണ്ടും നമ്മുടെ രൂപതയിൽ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും 2016-ലെ ആഗമനകാലത്തിന്റെ ഒന്നാം ഞായറാഴ്ചയായ നവംബർ 27-ാം തീയതി മുതൽ പുതിയ ദിവ്യപൂജാക്രമമാണ് ഉപയോഗിക്കേണ്ടത് എന്ന് അറിയിക്കുന്നു.

നമ്മുടെ അതിരൂപതാ കച്ചേരിയിൽ നിന്നും 2016 നവംബർ 21 മുതൽ പുതിയ ദിവ്യപൂജാഗ്രന്ഥവും (1250 രൂപ) ജനങ്ങൾക്കും കുട്ടികൾക്കും ഉപയോഗത്തിനായുള്ള കൈപ്പുസ്തകവും (15 രൂപാ) ലഭ്യമായിരിക്കും.

പൈതൃകാശിർവാദങ്ങളോടെ എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽനിന്ന് 2016 നവംബർ മാസം 1-ാം തീയതി,

എറണാകുളം<br>1.11.2016

✠ *ഫ്രാൻസിസ് കല്ലറക്കൽ*<br>വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത

Printed and Published by Fr. Varghese Valiaparambil
Vimala Social Service Centre, Kakkanad, Kochi - 21